©
Government of Kerala
കേരള സർക്കാർ
2007

Reg. No. രജി. നമ്പർ
KL/TV/(N)/12/2006-2008

# KERALA GAZETTE

# കേരള ഗസറ്റ്

PUBLISHED BY AUTHORITY
ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

| | | | | |
|---|---|---|---|---|
| Vol. LII<br>വാല്യം 52 | THIRUVANANTHAPURAM, TUESDAY<br>തിരുവനന്തപുരം, ചൊവ്വ | 23rd January 2007<br>2007 ജനുവരി 23<br>3rd Magha 1928<br>1928 മാഘം 3 | No.<br>നമ്പർ | 4 |


## PART III

# Forest Department

### തിരുവനന്തപുരം ഡിവിഷൻ

#### ദർഘാസ്/ലേലപ്പരസ്യം

നമ്പർ ഡി-5941/2006. 2007 ജനുവരി 2.

കേരള ഗവർണ്ണർക്കുവേണ്ടി തിരുവനന്തപുരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ താഴെ വിവരിക്കുന്ന പ്രവൃത്തികൾക്ക് പൊതുമരാമത്ത് വകുപ്പിലെ അംഗീകൃത കരാറുകാരിൽ നിന്നും ഓരോ ജോലിക്കും മുദ്രവച്ച കവറുകളിൽ പ്രവൃത്തിയുടെ പേര് കാണിച്ചുകൊണ്ടുള്ള ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു. ദർഘാസുകൾ 2007 ജനുവരി മാസം 31-ാം തീയതി പകൽ 3 മണിവരെ സ്വീകരിക്കുന്നതും 3.30-ന് ഹാജരുള്ള കരാറുകാരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതുമാണ്.

പട്ടിക

| ക്രമ നമ്പർ | ദർഘാസ് നമ്പരും പ്രവൃത്തിയുടെ പേരും ഉദ്ദേശ അടങ്കൽ തുകയും | നിരതദ്രവ്യം രൂപ |
|---|---|---|
| (1) | (2) | (3) |
| 1 | ഡി-5941/2006—പാലോട് റെയിഞ്ചിൽ റെയിഞ്ചാഫീസിന് സമീപം ഒരു ക്യാമ്പ് ഷെഡ് പണിയുന്നതിന്—രൂപ 1,64,000 | 4,100 |
| 2 | ഡി-2/2007—കുളത്തുപ്പുഴ റെയിഞ്ചിൽ ശങ്കിലിയിൽ ഒരു ടി രൂപ 1,75,000 | 4,400 |
| 3 | ഡി-3/2007— ടി പൊൻമുടിയിൽ ഒരു ക്യാമ്പ് ഷെഡ് പണിയുന്നതിന്—രൂപ 2,29,000 | 5,750 |
| 4 | ഡി 4/2007— ടി പൊൻമുടിയിൽ ഒരു ചെറുപണ പണിയുന്നതിന്—രൂപ 1,00,000 | 2,500 |
| 5 | ഡി-5/2007— ടി മുപ്പതടിയിൽ ഒരു പാലം പണിയുന്നതിന്—രൂപ 5,00,000 | 12,500 |
| 6 | ഡി-6456/2006— ടി ശങ്കിലി റോഡിൽ ചപ്പാത്തുകൾ പണിയുന്നതിന്—രൂപ 2,50,000 | 6,250 |
| 7 | ഡി-47/2007— ടി മിൽപ്പാലം കടവിൽപാലം പണിയുന്നതിന്—രൂപ 10,00,000 | 25,000 |

ദർഘാസ് പ്രമാണത്തിന്റെ വില ഓരോ ജോലികൾക്കും —രൂപ 400+വാറ്റ്.

ജോലി ചെയ്ത് തീർക്കേണ്ട കാലാവധി—കരാർ തീയതി മുതൽ 4 മാസം.

ദർഘാസ് പ്രമാണങ്ങളും മററ് വിവരങ്ങളും തിരുവനന്തപുരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിൽ നിന്നും എല്ലാ പ്രവൃത്തി ദിവസങ്ങളിലും ഓഫീസ് സമയത്തും ദർഘാസ് ദിവസം ഉച്ചയ്ക്ക് 1 മണി

വരെയും ദർഘാസ് പ്രമാണത്തിന്റെ വിലയും വിൽപ്പന നികുതിയും ഉൾപ്പെടെ പണമായി അടച്ച് രേഖാമൂലം അപേക്ഷിച്ചാൽ ലഭിക്കുന്നതാണ്.

ദർഘാസ് പ്രമാണത്തിനുവേണ്ടി അടയ്ക്കുന്ന തുക മടക്കിക്കൊടുക്കുന്നതല്ല. മററ് വ്യവസ്ഥകൾ എല്ലാം പൊതുമരാമത്ത് വകുപ്പിൽ നിലവിലുള്ളതു പോലെ ആയിരിക്കും. കൂടാതെ ജി. ഒ. (പി) നമ്പർ 84/97/പി. ഡബ്ലിയു. ഡി. തീയതി 19-8-1997-ലെ വ്യവസ്ഥകളും ഈ പ്രവൃത്തിക്ക് ബാധകമായിരിക്കും.

നിരതദ്രവ്യത്തിനുവേണ്ടി ക്രഡ ഫ് റ്റ് കൾ ഡിവിഷണൽ ഫോറസ്ററ് ഓഫീസറുടെ പേരിലുള്ളതും പ്രവൃത്തിയുടെ പേര് എഴുതി ആവശ്യമായ സ്ററാമ്പ് പതിച്ച് ഒപ്പിട്ടിട്ടുള്ളതുമായിരിക്കണം. ദർഘാസിനോടൊപ്പം 50 രൂപ വിലയുള്ള മുദ്രപത്രത്തിൽ പ്രാഥമിക ഉടമ്പടികൂടി സമർപ്പിക്കേണ്ടതാണ്. ദർഘാസ് ദിവസം ഏതെങ്കിലും കാരണവശാൽ അവധി ദിവസമായാൽ അടുത്ത പ്രവൃത്തി ദിവസം നേരത്തെ നിശ്ചയിച്ചിരുന്ന സമയത്തും സ്ഥലത്തും വച്ച് നടത്തുന്നതാണ്.

ഡിവിഷണൽ ഫോറസ്ററ് ഓഫീസ്,
തിരുവനന്തപുരം.

(ഒപ്പ്)
ഡിവിഷണൽ
ഫോറസ്ററ് ഓഫീസർ.

## ലേലപ്പരസ്യം

നമ്പർ എ1-6280/2006. 2007 ജനുവരി 2.

തിരുവനന്തപുരം ഡിവിഷനിൽപ്പെട്ടതും താഴെ പട്ടികയിൽ വിവരിക്കുന്നതുമായ റെയിഞ്ചുകളിലെ കശുമാവ് തോട്ടങ്ങളിൽനിന്നും 30-6-2007 വരെ കശുവണ്ടി ശേഖരിച്ച് നീക്കം ചെയ്യുന്നതിനുള്ള അവകാശം നിലവിലുള്ള ലേലവ്യവസ്ഥകൾക്ക് വിധേയമായി താഴെ പട്ടികയിൽ പറയുന്ന സ്ഥലത്തും സമയത്തും തിരുവനന്തപുരം ഡിവിഷണൽ ഫോറസ്ററ് ആഫീസറോ അദ്ദേഹം അധികാരപ്പെടുത്തുന്ന മററ് ഉദ്യോഗസ്ഥരോ പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നതാണ്. ലേലദിവസം പൊതു അവധിയായി പ്രഖ്യാപിക്കുന്നപക്ഷം അടുത്ത പ്രവൃത്തി ദിവസം നിശ്ചിത സ്ഥലത്തും സമയത്തും ലേലം നടത്തുന്നതാണ്. ആദ്യ ലേലദിവസം എന്തെങ്കിലും കാരണത്താൽ ഏതെങ്കിലും തോട്ടത്തിന്റെ ലേലം നടക്കാതിരിക്കുകയോ ലേലം വിളിക്കൊള്ളാൻ ആരും തയ്യാറാകാതെ വരികയോ ലേലം റദ്ദാക്കുകയോ അഥവാ പുതിയ തോട്ടങ്ങൾ ഉൾക്കൊള്ളിക്കേണ്ടിവരികയോ ചെയ്താൽ അപ്രകാരം ഉള്ള തോട്ടങ്ങൾ പട്ടികയിൽ പ്രസിദ്ധീകരിച്ചിട്ടുള്ള അടുത്ത ലേലദിവസങ്ങളിൽ അതേ സ്ഥലത്തും സമയത്തും ഡിവിഷണൽ ഫോറസ്ററാഫീസിൽവച്ച് ലേലം ചെയ്ത് വിൽക്കുന്നതാണ്.

### പട്ടിക

| ക്രമനമ്പർ | കശുമാവ് തോട്ടത്തിന്റെ പേര് | വിസ്തീർണ്ണം ഹെക്ടറിൽ | ലേലത്തീയതിയും സമയവും സ്ഥലവും |
|---|---|---|---|
| (1) | (2) | (3) | (4) |
| | പാലോട് റെയിഞ്ച്. | | |
| 1 | 1943 പച്ചമല തോട്ടം | 5.564 | 31-11-2007 രാവിലെ 11 മണിക്ക് തിരുവനന്തപുരം ഡിവിഷണൽ ഫോറസ്ററാഫീസിൽ |
| 2 | 1955 ചെക്കോണം തോട്ടം | 18.514 | ടി |
| 3 | 1955 ചെക്കോണം തോട്ടം | 8.904 | ടി |
| 4 | 1957 കുഞ്ചിറ തോട്ടം | 8.902 | ടി |
| 5 | 1976 ചെക്കോണം തോട്ടം | 9.370 | ടി |
| 6 | 1997 ഇളംമ്പ്രക്കോട് തോട്ടം | 15.000 | ടി |
| 7 | 1978 നാരായ്ക്കുന്ന് തോട്ടം | 16·400 | ടി |
| 8 | 1978 പനച്ചക്കുന്ന് തോട്ടം | 22.970 | ടി |
| 9 | 1978 പുലിയൂർ തോട്ടം | 8.040 | ടി |
| 10 | 1978 കൊട്ടിയംകോണം തോട്ടം | 12.700 | ടി |
| 11 | 1978 പഴയ നഴ്സറി തോട്ടം | 1.000 | ടി |
| 12 | 1978 വാമനപുരം തോട്ടം | 8.020 | ടി |
| 13 | 1978 ഇളവട്ടം തോട്ടം | 8.903 | ടി |
| 14 | 1978 പാറമുകം തോട്ടം | 9.370 | ടി |
| 15 | 1979 നാഗര തോട്ടം | 3.150 | ടി |
| 16 | 1979 കാലങ്കാവ് തോട്ടം | 5.480 | ടി |
| 17 | 1979 പൊട്ടൻചിറ തോട്ടം | 1.790 | ടി |
| 18 | 1979 വാമനപുരം തോട്ടം | 6.480 | ടി |
| 19 | 1979 കുടവനാട് തോട്ടം | 7.040 | ടി |
| 20 | 1979 ദൈവപ്പുര തോട്ടം | 12.840 | ടി |
| 21 | 1979 വെമ്പ് തോട്ടം | 5.450 | ടി |
| 22 | 1980 കൈതാമര പൊയ്ക (മണിയൻപാറ) തോട്ടം | 4.110 | ടി |
| 23 | 1980 ചെക്കോണം തോട്ടം (ചൊക്കൻ വിള) | 6.250 | ടി |
| 24 | 1980 ചെക്കോണം തോട്ടം (ഉപ്പനച്ചുംകുഴി) | 9.640 | ടി |
| 25 | 1994 പച്ചമല തോട്ടം | 60.000 | ടി |

8. ലേലം വിളിക്കൊള്ളുന്ന ആൾ ലേലത്തിന് ഒരു പൂർണ്ണ തീരുമാനമുണ്ടാകാതെ പിൻമാറാൻ പാടില്ലാത്തതും അപ്രകാരം പിൻമാറിയാൽ ഡിപ്പാർട്ടുമെന്റിന് വരുന്ന നഷ്ടത്തിന് അയാൾ ഉത്തരവാദിയാകുന്നതുമാണ്. ലേലപ്പരസ്യ വിജ്ഞാപന വ്യവസ്ഥകൾ കണ്ട് ബോദ്ധ്യപ്പെട്ട് ഒപ്പിട്ട് തരുന്നവർക്ക് 9-3-1976-ലെ കേരള സർക്കാർ ഉത്തരവ് (പി) 62/76/എ.ഡി.യിലെ നിബന്ധനകളും ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം)-ന്റെ 30-11-1999-ലെ സി13-8014/98 നമ്പർ ഉത്തരവിലെ നിബന്ധനകളും ബാധകമാണ്.

9. ലേലക്കാരൻ കേന്ദ്ര ഗവൺമെന്റിന്റെ 1995-ലെ ഫൈനാൻസ് ആക്ട് പ്രകാരമുള്ള ആദായനികുതി നിശ്ചിത സമയത്തും നിരക്കിലും നൽകാൻ ബാദ്ധ്യസ്ഥനാണ്.

10. ലേലത്തിൽ വിജയിക്കുന്ന പാട്ടക്കാരൻ മുഴുവൻ കശുവണ്ടിയും ശേഖരിച്ച് സർക്കാർ തീരുമാനത്തിന് വിധേയമായി കേരള കാഷ്യൂ ഡെവലപ്മെന്റ് കോർപ്പറേഷനെയോ അവരുടെ അംഗീകൃത ഏജന്റുമാരെയോ അതാതു കാലയളവിൽ ഗവൺമെന്റ് അംഗീകരിക്കുന്ന വിലയ്ക്ക് നൽകേണ്ടതാണ്. കൂടാതെ കശുവണ്ടി സംഭരണവും വിതരണവും സംബന്ധിച്ച് നിലവിലുള്ളതും അതാത് കാലങ്ങളിൽ ഗവൺമെന്റ് പുറപ്പെടുവിക്കുന്നതുമായ എല്ലാ ഉത്തരവുകളും പാട്ടക്കാരന് ബാധകമാണ്.

11. കരാറുകാരൻ ആവശ്യപ്പെടുന്നപക്ഷം ടിയാന്റെ കൂലിക്കാരെ താമസിപ്പിക്കുന്നതിനും കശുവണ്ടി സൂക്ഷിക്കുന്നതിനും സ്ക്വയർ മീറ്ററിന് 5 രൂപ പ്രകാരം ഒരു ഷെഡ്ഡ് കൂപ്പിനുള്ളിൽ പണിയുന്നതിന് സ്ഥലം അനുവദിക്കുന്നതാണ്. ഷെഡ്ഡ് അനുവദിക്കുന്നതിനുള്ള അവകാശം ഡിവിഷണൽ ഫോറസ്റ്റ് ആഫീസറിൽ നിക്ഷിപ്തമാണ്. കരാർ കാലാവധിക്ക് മുൻപായി ഷെഡ്ഡ് കരാറുകാരൻ പൊളിച്ച് നീക്കം ചെയ്യേണ്ടതാണ്. ഷെഡ്ഡ് പണിയുന്നതിനുള്ള സാധനങ്ങൾ നിലവിലുള്ള സീനിയറേജ് നിരക്ക് പ്രകാരം കാട്ടിനുള്ളിൽനിന്നും സൗകര്യം ഉള്ളപക്ഷം ശേഖരിക്കുവാൻ അനുവദിക്കുന്നതാണ്.

12. കരാറുകാലയളവിൽ എല്ലായ്പ്പോഴും കശുമാവുകൾക്ക് ചുററുമുള്ള കാടുകൾ 5 മീററർ ചുററളവിൽ കരാറുകാരന്റെ ചുമതലയിൽ വെട്ടി നീക്കം ചെയ്തിരിക്കണം. വീഴ്ച വരുത്തിയാൽ യുക്തമായ പിഴ കരാറുകാരിൽനിന്നും ഈടാക്കുന്നതാണ്.

13. തോട്ടത്തിൽ യാതൊരു കാരണവശാലും തീപിടിക്കാതെ നോക്കി സംരക്ഷിക്കേണ്ടതും കരാറുകാരന്റെ പ്രധാന ചുമതലയാണ്. കാട്ടുതീമൂലമോ ഉണക്കുമൂലമോ മററു വിധത്തിലുള്ള വല്ല നഷ്ടവും നേരിട്ടാൽ ആയതിന് കരാറുകാരന് യാതൊരുവിധ നഷ്ട പരിഹാരത്തിനും യാതൊരുവിധ അവകാശവും ഉണ്ടായിരിക്കുന്നതല്ല.

14. കശുവണ്ടി ശേഖരിച്ചതിന്റെ വിവരങ്ങളടങ്ങിയ പ്രതിമാസ കണക്കുകൾ ഓരോ മാസവും 5-ാം തീയതിക്കു മുൻപായി ബന്ധപ്പെട്ട റെയിഞ്ചാഫീസർക്കും ഡിവിഷണൽ ഫോറസ്റ്റാഫീസർക്കും സമർപ്പിക്കേണ്ടതാണ്. അതിന് വീഴ്ച വരുത്തുന്നപക്ഷം ഓരോ വീഴ്ചയ്ക്കും 10 രൂപ വീതം പിഴവസൂൽ ചെയ്യുന്നതാണ്.

15. ശേഖരണം നടത്തിയ കശുവണ്ടി കടത്തിക്കൊണ്ടുപോകുന്നതിന് ബന്ധപ്പെട്ട റെയിഞ്ചാഫീസറിൽ നിന്നും നിർബന്ധമായും പാസ് വാങ്ങേണ്ടതാണ്. വീഴ്ച വരുത്തിയാൽ ഉചിതമായ പിഴ ഈടാക്കുന്നതാണ്.

16. ലേലത്തിനുശേഷം ലഭിക്കുന്ന പോസ്റ്റ് ഓഫറുകൾ വനം വകുപ്പിലെ നിലവിലുള്ള നിബന്ധനകൾക്ക് വിധേയമായി പരിഗണിക്കുന്നതാണ്.

17. മററു ബാദ്ധ്യതകളൊന്നുമില്ലെങ്കിൽ വിൽപ്പന നികുതി, ആദായ നികുതി, കാർഷികാദായ നികുതി എന്നിവയുടെ ക്ലിയറൻസ് സർട്ടിഫിക്കററുകൾ കാലാവധി കഴിഞ്ഞ് 6 മാസത്തിനകം ഹാജരാക്കിയാൽ സെക്യൂരിററി ഡിപ്പോസിററ് തിരികെ നൽകുന്നതാണ്.

പട്ടികയിൽ രേഖപ്പെടുത്തിയ ദിവസങ്ങളിൽ ലേലത്തിൽ മററുതരത്തിൽ പുനർ ലേലം ആവശ്യമായി വരുന്ന 3 റെയിഞ്ചുകളിലെയും കശുമാവ് തോട്ടങ്ങൾ 2-2-2007 പകൽ 11 മണിക്കും വീണ്ടും പുനർ ലേലം ആവശ്യമായി വന്നാൽ 5-2-2007 പകൽ 11 മണിക്ക് തിരുവനന്തപുരം ഡിവിഷണൽ ഫോറസ്റ്റാഫീസിൽവച്ച് ലേലം ചെയ്ത് വിൽക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് ഡിവിഷണൽ ഫോറസ്റ്റ് ആഫീസിലോ ബന്ധപ്പെട്ട റെയിഞ്ചാഫീസുകളിലോ നേരിട്ട് അന്വേഷിച്ച് അറിയേണ്ടതാണ്.

(ഒപ്പ്)

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്,
തിരുവനന്തപുരം.

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ
(കേരള ഗവർണ്ണർക്കുവേണ്ടി).

---

## OFFICE OF THE CHIEF CONSERVATOR OF FORESTS AND CUSTODIAN (ECOLOGICALLY FRAGILE LANDS), THIRUVANANTHAPURAM

### NOTIFICATIONS

(1)

No. EFL1-134/2006. *8th December 2006.*

Whereas the Government of Kerala has published Act No. 21 of 2005, namely, The Kerala Forest (Vesting and Management of Ecologically Fragile Lands) Act 2003, which came into effect from 2nd day of June 2000 for the Conservation and Management of Ecologically Fragile Lands, minimizing the reduction or degradation of the Eco-System and Biological Diversity therein;

Now, it is hereby notified for the information of the puplic that the ownership and possession of the lands as per the details shown in the Schedule hereto, in the District of Wayanad have been vested with the Government of Kerala free from all encumbrances and the right, title and interest of the owner or any other person thereon shall stand extinguished from the date of commencement of the Act, i.e, 2nd June 2000.

The publication of this notification is made as required under section 3 (2) of the Kerala Forest (Vesting and Management of Ecologically Fragile Lands) Act, 2003 as per Government Notification No. 15567/Leg. B1/01/Law dated 3rd May, 2005 and published in Kerala Gazette No. 929, dated 3rd May 2005.

SCHEDULE

**Details of Ecologically Fragile Lands Vested in Government as per Section 3 (1) of Act 21 of 2005**

| *Sl. No.* | *District* | *Taluk* | *Forest Division* | *Range* | *Locality* | *Village* | *Survey No. with Sub Division* | *Extent in Ha. (Approx)* |
|---|---|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) |
| 1 | Wayanad | Manathavady | North Wayanad | Begur | Pulimoodu kunnu | Thrissilery | 294 | 9.444 |
| 2 | do. | do. | do. | Begur | Pulimoodu kunnu | do. | 295 | 8.3410 |

*Boundaries*

| *North* | *East* | *South* | *West* |
|---|---|---|---|
| (10) | (11) | (12) | (13) |
| Private R.Sy. 294 | Private and OA.71/75 Vested Forest | R.Sy.294 Vested Forest | Harihara-shola Reserve |
| Private R.Sy. 294 | Private R.Sy. 294& Metal road | R.Sy.294 Vested Forest | OA 66/75 Vested Forest |

(2)

No. EFL6-4508/05. *20th December 2006.*

An extent of 32.3886 Ha. of land in scheduled (1) below was notified as Ecologically Fragile Land under Section (3) of the Kerala Forest (Vesting and Management of Ecologically Fragile Land) Ordinance 8/2000 as per Notification No.C4-21437/2000 dated 26-8-2000 and published in Kerala Gazette No.37 dated 19-9-2000 under Sl.No.20.

As per proceedings order No.EFL6-4508/2005 dated 20-12-2005 of Custodian, Ecologically Fragile Lands & Chief Conservator of Forests (E&TW), it is ordered to de-notify the said land from the purview Kerala Forest (Vesting and Management of Ecologically Fragile Land) Act 2003. Therefore it is hereby notified that the land in schedule (1) below is excluded from the Notification No. C4-21437/2000 dated 26-8-2000.

SCHEDULE (I)

| *Sl.No.* | *District* | *Taluk* | *Forest Division* | *Range* | *Locality* | *Village* | *Sy.No. With Sub Division* | *Extent in Ha. (approx)* |
|---|---|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) |
| 1 | Palakkad | Alathur | Nemmara | Alathur | Vizhumala | Kattussery | 289/D part | 32.3886 |

*Boundaries*

| *North* | *East* | *South* | *West* |
|---|---|---|---|
| (10) | (11) | (12) | (13) |
| Private land | Private land | Vested Forest& Private land | Vested Forest |

**Explanatory Note**

(This does not form part of the Notification but intended to indicate its general purport). An extent of 32.3886 Ha. of land in Survey no. 289/D Part (Re-Survey No.564 Part in Block No.27) of Kattussery Village in Alathur Taluk in Palakkad Dissrict was notified as Ecologically Fragile Land under Section 3(1) of the Kerala Forest (Vesting and Management of Ecologically Fragile Land) Ordinance 8/2000 as per Notification No.C4-21437/2000 dated 26-8-2000 and published in Kerala Gazette No.37 dated 19-9-2000 under Sl.No.20. This land was a vested Forest which was later involved in O.A. 207/74 of Forest Tribunal Palakkad. Of this notified land of 32.3886 hectares, an area of 2.6240 hectares was exempted by Forest Tribunal under section 3(2) of Act 21/76 and restored to the owner by department on 27-5-1994 and the remaining area was vested forest and was not necessary to be notified As such it was not necessary to notify the entire area of the

OA scheduled property under the provision of the Ordinance 8/2000. The area restored (2.62400) was planted with rubber during 1999 itself before the promulgation of ordinance 8/2000. The area has been doveloped as a rubber plantation and do not attract the definition of Ecologically Fragile Land. This land was included in the notification due to oversight. As per letter No.Bl.7965/05 dated 26-5-2006. Conservator of Forests, Eastern Circle, Olavakkode has reported that the area does not qualify to be vested under the Kerala Forest (Vesting and Management of Ecologically Fragile lands) Act and has recommended de-notifying the area.

Now Therefore it is hereby notified that an extent of 32.3886 Ha. of land in Sy.No. 289/D-Pt. (Re-Survey No.564 part in Block No. 27) of Kattussery Village in Alathur Taluk, Palakkad District of Nemmara Forest Division published as per No. C4.21437/2000 dated 26-8-2000 in Kerala Gazette No.37 dated 19-9-2000 under Sl.No.20 shall stand deleted.

Thiruvananthapuram.

(Sd.)
*Custodian, Ecologically Fragile Lands and Chief Conservator of Forests (E&TW).*

---

## വൈൽഡ് ലൈഫ് ഡിവിഷൻ, ഇടുക്കി

### പുനർ ദർഘാസ് പരസ്യം

നമ്പർ ഇ.-1267/2006. 2007 ജനുവരി 2.

ഇടുക്കി വൈൽഡ് ലൈഫ് ഡിവിഷനിൽപ്പെട്ട തട്ടേക്കാട് പക്ഷി സങ്കേതത്തിലെ ഡോർമിററിയുടെ അററകുററപ്പണികൾക്കായി 15-11-2006-ൽ ടെണ്ടർ ക്ഷണിക്കുകയും ടി ടെണ്ടറിൽ ഏററവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ. കെ. ഒ. ജോസ്, കോൺട്രാക്ടർ, കോരക്കൽവീട്, കുട്ടംപുഴ, കോതമംഗലം എന്നയാളുടെ പേരിൽ ടെണ്ടർ സ്ഥിരീകരിച്ച് ഉത്തരവ് നൽകിയിട്ടും ഉടമ്പടി വയ്ക്കാത്ത സാഹചര്യത്തിൽ ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ കേരള ഗവർണ്ണർക്കുവേണ്ടി ഇടുക്കി വൈൽഡ് ലൈഫ് വാർഡൻ ടി പ്രവൃത്തിക്ക് കേരള പൊതുമരാമത്ത് വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ള യോഗ്യതയുള്ള കരാറുകാരിൽ നിന്നും പ്രവൃത്തിയുടെ പേര് ആലേഖനം ചെയ്തിട്ടുള്ള മുദ്ര വച്ച മൽസരസ്വഭാവമുള്ള ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു. ദർഘാസുകൾ 7-2-2007-ന് വൈകിട്ട് 3 മണിവരെ സ്വീകരിക്കുന്നതും അന്നേ ദിവസം വൈകിട്ട് 3.30-ന് താഴെ ഒപ്പുവച്ച ഉദ്യോഗസ്ഥന്റെ കാര്യാലയത്തിൽവച്ച് ഹാജരുള്ള കരാറുകാരുടെ സാന്നിദ്ധ്യത്തിൽ ഇടുക്കി വൈൽഡ് ലൈഫ് വാർഡനോ അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്ന മററ് ഉദ്യോഗസ്ഥനോ ദർഘാസുകൾ തുറന്നു പരിശോധിക്കുന്നതാണ്. നിശ്ചിത ദിവസം ഏന്തെങ്കിലും കാരണവശാൽ അവധിയായാൽ അടുത്ത പ്രവൃത്തി ദിവസം നിശ്ചിത സ്ഥലത്തും സമയത്തും ദർഘാസുകൾ തുറന്നു പരിശോധിക്കുന്നതാണ്. ഏതെങ്കിലും കാരണത്തിൽ 7-2-2007-ൽ ദർഘാസ് നടക്കാതിരുന്നാൽ 14-2-2007-ൽ നിശ്ചിത സ്ഥലത്തും സമയത്തും വച്ച് വീണ്ടും ടെണ്ടർ നടത്തുന്നതാണ്. പ്രവർത്തിയുടെ വിശദവിവരം താഴെ പട്ടികയിൽ നല്കിയിരിക്കുന്നു.

ജോലിയുടെ പേരും അടങ്കൽ തുകയും—തട്ടേക്കാട് പക്ഷിസങ്കേതം റെയിഞ്ചിൽ ഡോർമിററിയുടെ അററകുററപ്പണികൾ—രൂപ 2,20,000.

നിരതദ്രവ്യം—5,500 രൂപ.

റിമാർക്ക്സ്—ശ്രീ. കെ. ഒ. ജോസ്, കോൺട്രാക്ടർ, കോരക്കൽ വീട്, കുട്ടമ്പുഴ, കോതമംഗലം എന്നയാളുടെ നഷ്ടോത്തരവാദിത്വത്തിൽ നടത്തുന്ന പുനർ ദർഘാസ്.

നിരതദ്രവ്യം ഇടുക്കി വൈൽഡ് ലൈഫ്വാർഡന്റെ പേരിൽ ദേശസാൽകൃത ബാങ്കിൽ നിന്നെടുക്കുന്ന ഡിമാന്റ് ഡ്രാഫ്ററായി സ്വീകരിക്കുന്നതാണ്.

ദർഘാസിന്റെ വില—രൂപ 400+ വി. നി.

ജോലി തീർക്കേണ്ട കാലാവധി—45 ദിവസം.

ദർഘാസ് പ്രമാണങ്ങളും മററ് വിശദവിവരങ്ങളും ഇടുക്കി വൈൽഡ് ലൈഫ് വാർഡന്റെ കാര്യാലയത്തിൽ നിന്നും 7-2-2007 ഉച്ചയ്ക്ക് 1 മണി വരെ ദർഘാസ് പ്രമാണത്തിന്റെ വില രൊക്കം പണമായി (മടക്കികൊടുക്കുന്നതല്ല) രേഖാമൂലം അപേക്ഷിച്ചാൽ ലഭിക്കുന്നതാണ്. യാതൊരു കാരണവശാലും ദർഘാസ് പ്രമാണങ്ങൾ കൈമാററ൦ പാടില്ലാത്തതാണ്. ദർഘാസിനോടൊപ്പം 50 രൂപയുടെ മുദ്രപ്പത്രത്തിൽ ഒപ്പുവച്ച ഒരു പ്രാഥമിക ഉടമ്പടിയും ഉള്ളടക്കം ചെയ്യേണ്ടതാണ്.

കേരള പൊതുമരാമത്ത് വകുപ്പിലെ ദർഘാസുകളെ സംബന്ധിച്ച് നിലവിലുള്ള എല്ലാ വ്യവസ്ഥകളും ഈ പ്രവൃത്തിക്കും ബാധകമാണ്.

ഇടുക്കി.

(ഒപ്പ്)
വൈൽഡ് ലൈഫ് വാർഡൻ.

---

## തൃശ്ശൂർ ഡിവിഷൻ

### ദർഘാസ് പരസ്യം

നമ്പർ ഡി-6563/2006. 2006 ഡിസംബർ 21.

തൃശ്ശൂർ ഫോറസ്ററ് ഡിവിഷനിലെ വടക്കാഞ്ചേരി, മച്ചാട്, പട്ടിക്കാട് റെയിഞ്ചുകളിൽപ്പെട്ട താഴെ പറയുന്ന പ്രവൃത്തികൾക്ക് കേരള ഗവർണ്ണർക്കുവേണ്ടി തൃശ്ശൂർ ഡിവിഷണൽ ഫോറസ്ററ് ഓഫീസർ നിശ്ചിത യോഗ്യതയുള്ള പൊതുമാരാമത്ത് വകുപ്പിലെ അംഗീകൃത കരാറുകാരിൽ നിന്നും 31-1-2007 ഉച്ചയ്ക്ക് 2 മണി വരെ ജോലിയുടെ പേരു വിവരം രേഖപ്പെടുത്തിയ പ്രത്യേകം പ്രത്യേകം കവറുകളിൽ മൽസര സ്വഭാവമുള്ള മുദ്രവച്ച ടെണ്ടറുകൾ ക്ഷണിച്ചുകൊള്ളുന്നു. ദർഘാസുകൾ അന്നേ ദിവസം തന്നെ വൈകുന്നേരം 3 മണിക്ക് തുറക്കുന്നതാണ്. ദർഘാസിനോടൊപ്പം പ്രവൃത്തിക്ക് നിശ്ചയിച്ച നിരതദ്രവ്യം ഒടുക്കിയതിനുള്ള രേഖകളും അടക്കം ചെയ്യേണ്ടതാണ്.

ദർഘാസുകൾ സ്വീകരിക്കുന്നതിനും നിരാകരിക്കുന്നതിനുമുള്ള അധികാരം തൃശ്ശൂർ ഡിവിഷണൽ ഫോറസ്ററ് ഓഫീസറിൽ നിക്ഷിപ്തമായിരിക്കും.

ഏതെങ്കിലും കാരണവശാൽ പ്രവൃത്തിയുടെ ദർഘാസുകൾ അന്നേ ദിവസം നടക്കാതെ വന്നാൽ പ്രസ്തുത പ്രവൃത്തിയുടെ ദർഘാസുകൾ 7-2-2007-ന് ഉച്ചയ്ക്ക് 2 മണിവരെ സ്വീകരിക്കുന്നതും വൈകുന്നേരം 3 മണിക്ക് തുറക്കുന്നതുമാണ്. അന്നേ ദിവസവും ടെണ്ടർ നടക്കാതെ വന്നാൽ പ്രസ്തുത പ്രവൃത്തിയുടെ ദർഘാസുകൾ 14-2-2007-ന് 2 മണിവരെ സ്വീകരിക്കുന്നതും വൈകുന്നേരം 3 മണിക്ക് തുറക്കുന്നതുമാണ്.

ടെണ്ടർ ദിവസം പൊതു ഒഴിവായി വന്നാൽ തൊട്ടടുത്ത പ്രവൃത്തി ദിവസം ടി സ്ഥലത്തും സമയത്തും ടെണ്ടർ നടത്തുന്നതാണ്.